പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2940 — 17.10.2016 -ൽ മറുപടിക്ക്

## കൊല്ലം താലൂക്ക് സപ്ലൈ ഓഫീസ് വിഭജനം

| ചോദ്യം<br>**ശ്രീ.ജി.എസ്.ജയലാൽ** | | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) കേരളത്തിലെ മറ്റ് താലൂക്ക് സപ്ലൈ ഓഫീസുകളെ അപേക്ഷിച്ച് കൊല്ലം താലൂക്ക് സപ്ലൈ ഓഫീസിൽ റേഷൻ കടകളും റേഷൻ കാർഡുകളും ഇരട്ടിയിലധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ഉണ്ട്; ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കി കമ്പ്യൂട്ടർ ശൃംഖല വഴി എല്ലാ ഓഫീസുകളേയും ബന്ധിപ്പിക്കുവാൻ പോകുകയാണ്. ഈ നടപടികൾ കഴിയുമ്പോഴത്തെ സ്ഥിതി വിശേഷം കണക്കിലെടുത്തു കൊണ്ടു മാത്രമേ ഈ വിഷയത്തിൽ അനന്തര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ. |
| (ബി) ഇതുമൂലമുള്ള പ്രയാസങ്ങൾ ഒഴിവാക്കി കാര്യക്ഷമമായ ആഫീസ് സൗകര്യമൊരുക്കി ജനങ്ങൾക്ക് സമയബന്ധിതമായ സേവനം ഉറപ്പാക്കാൻ വേണ്ടി കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിക്കുന്നതിനെക്കുറിച്ച് വകുപ്പ് ആലോചിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ